# 8/2015

**S7/151721/2014/PHQ**
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
കേരള, തിരുവനന്തപുരം .
തീയതി : 12.3.2015

**സർക്കുലർ നമ്പർ. 8/2015**

വിഷയം:- ശമ്പള നിർണ്ണയം - ടൈപ്പിസ്റ്റ്/ ഫെയർ കോപ്പി സുപ്രണ്ട് തസ്തികകളിലെ സമയബന്ധിത ഹയർ ഗ്രേഡ് - ശമ്പള നിർണ്ണയം നടത്തുന്നത് സംബന്ധിച്ച്.

സൂചന:- 1. സ.ഉ (പി) 85/2011/ധന തീയതി 26.2.2011
2. സർക്കുലർ നം. 32/2012 (877)/ധന തീയതി 04.06.2012
3. ഡിജിഒ. നം. 219/2013 തീയതി 13.12.2013 ☐☐

സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം എൽ.ഡി.ടൈപ്പിസ്റ്റിന്റെ പ്രൊമോഷൻ തസ്തികകളായ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നിവ ഏകീകരിക്കുകയും **14620 - 25280** സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തസ്തികകൾ ഏകീകരിച്ചതിനാൽ ടൈപ്പിസ്റ്റ് തസ്തികയിലുള്ളവരുടെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിലും ശമ്പള നിർണ്ണയം നടത്തുന്നതിലും കൃത്യത വരുത്തുന്നതിനായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുമ്പോൾ പ്രധാനമായും മാനദണ്ഡമാക്കേണ്ടത് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ഒരു ഉദ്യോഗസ്ഥന് ലഭിച്ചിട്ടുള്ള റഗുലർ / റേഷ്യോ പ്രൊമോഷനുകളുടെയും അതുവഴി ലഭിച്ച ശമ്പള നിർണ്ണയങ്ങളുടെയും എണ്ണമാണ്. ചുരുക്കത്തിൽ, മൂന്നാം ഹയർ ഗ്രേഡിന് നിശ്ചയിച്ചിട്ടുള്ള **22** വർഷത്തിനുള്ളിൽ മൂന്ന് റഗുലർ / റേഷ്യോ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ ലഭിച്ചിട്ടുള്ളവർക്ക് ടി ഹയർ ഗ്രേഡിനും 27 വർഷത്തിനുള്ളിൽ നാലു റഗുലർ / റേഷ്യോ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ ലഭിച്ചിട്ടുള്ളയർക്ക് നാലാം ഹയർ ഗ്രേഡിനും അർഹതയില്ല. എന്നാൽ ഇങ്ങനെയുള്ളവരുടെ ശമ്പള സ്കെയിൽ ഹയർ ഗ്രേഡ് തസ്തികയുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്നതാണെങ്കിൽ കെ.എസ്.ആർ. പാർട്ട് ഒന്ന് റൂൾ **30** അനുസരിച്ച് ഉയർന്ന സ്കെയിലേക്ക് മാറ്റിക്കൊണ്ട് ശമ്പള നിർണ്ണയം നടത്തേണ്ടതാണ്. സമയബന്ധിത ഗ്രേഡിൽനിന്ന് സമാന സ്കെയിലിലേക്കോ ഉയർന്ന സ്കെയിലിലേക്കോ റഗുലർ / റേഷ്യോ പ്രൊമോഷൻ ലഭിക്കുമ്പോഴും ഇത്തരത്തിൽ ശമ്പളം നിർണ്ണയിക്കേണ്ടതാണ്. (ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക **41** (ശശ))

2.. സൂചന 1 ലെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ശമ്പളം പരിഷ്കരിക്കുകയും **31.01.2011** നോ അതിനു മുമ്പോ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി പ്രൊമോഷൻ ലഭിക്കുകയോ അതിനു അർഹത നേടുകയോ ചെയ്തവർക്ക് മാത്രമേ ടി ഉത്തരവിലെ ഖണ്ഡിക **41 ()** അനുസരിച്ച് ശമ്പള നിർണ്ണയത്തിന് അർഹതയുള്ളു. ഇത്തരത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി പ്രൊമോഷൻ ലഭിച്ചവർക്ക് റൂൾ **28** എ പാർട്ട് **1** കെ.എസ്.ആർ പ്രകാരമുള്ള ശമ്പള നിർണ്ണയം ലഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത സമയബന്ധിത ഹയർ ഗ്രേഡ് ടി റൂൾ അനുസരിച്ച് അനുവദിക്കാവുന്നതാണ്.

3. **01.07.2009** നും **31.01.2011** നും ഇടയിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി തുടരുന്നവരുടെ തസ്തിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നാക്കി മാറ്റിക്കൊണ്ട് സൂചന

Salary fixation - Typist / Fair copy superintendent -designation hire grade

Police Computer Centre